2. വള്ളിക്കുന്ന് പഞ്ചായത്തിലെ കാക്കാത്തോട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം (ടോക്കൺ)

3. മുന്നിയൂർ പഞ്ചായത്തിലെ പാട്ടിശ്ശേരി പാടത്ത് മിനി ലിഫ്റ്റ് ഇറിഗേഷൻ സ്കീം (ടോക്കൺ). ഇതിൽ തിരൂരങ്ങാടി പഞ്ചായത്തിലെ മാണിപ്പാടം ഡ്രെയിനേജ് സ്കീം പൂർത്തിയായിട്ടുണ്ട്. ഇതിന് ഇലക്ട്രിക് കണക്ഷൻ ലഭിക്കേണ്ടതുണ്ട്. കാക്കാത്തോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കും, പാട്ടിശ്ശേരിപാടത്ത് മിനി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) 1. മാണിപ്പാടം ഡ്രെയിനേജ് സ്കീം (ഇലക്ട്രിക് കണക്ഷനു വേണ്ടി) 8.00 ലക്ഷം.

2. കാക്കാത്തോട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം 50.00 ലക്ഷം (റഫ് എസ്റ്റിമേറ്റ്)

3. പാട്ടിശ്ശേരി പാടത്ത് മിനി ഇറിഗേഷൻ സ്കീം 80.00 ലക്ഷം (റഫ് എസ്റ്റിമേറ്റ്)

(സി) എസ്റ്റിമേറ്റ് അംഗീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

ബാണാസുരസാഗർ ജലസേചന പദ്ധതി

94 (4984) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ നിർമ്മാണ പുരോഗതി വെളിപ്പെടുത്താമോ ;

(ബി) പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതിക്കായി നടപ്പുവർഷം പരിഗണനയിലുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ ;

(ഡി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിലെ ബാണാസുരസാഗർ പദ്ധതിയുടെ മെയിൻ കനാലിന്റേയും ബ്രാഞ്ച് കനാലുകളുടേയും ഒരു വിതരണ കനാലിന്റേയും പണി നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിക്കായി നാളിതുവരെ (30-6-2010) 35.2108 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) മെയിൻ കനാലിന്റെ കണക്ടിംഗ് സ്ട്രക്ച്ചറിന്റേയും മെണ്ണിയോട് ബ്രാഞ്ച് കനാലിന്റെ വിവിധ ഭാഗങ്ങളുടേയും കാപ്പംകുന്ന് വിതരണ കനാലിന്റെ വിവിധ ഭാഗങ്ങളിലും ഈ വർഷം പണികൾ നടത്താൻ ഉദ്ദേശിക്കുന്നു.

(ഡി) പദ്ധതി 2012-13-ൽ ഭാഗികമായി കമ്മീഷൻ ചെയ്യാനും 2014-15 വർഷത്തിൽ പൂർണ്ണമായി കമ്മീഷൻ ചെയ്യാനുമാണ് ഉദ്ദേശിക്കുന്നത്.

കാരാപ്പുഴ ജലസേചന പദ്ധതി

95 (4985) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കാരാപ്പുഴ ജലസേചന പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പദ്ധതി നടത്തിപ്പിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിലെ കാരാപ്പുഴ ജലസേചന പദ്ധതി 20-6-2010-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

അണക്കെട്ടുകൾ ബലപ്പെടുത്താൻ നടപടി

96 (4986) ശ്രീ. കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണക്കെട്ടുകൾ ബലപ്പെടുത്തുവാനും കാര്യക്ഷമമാക്കാനുമായി ലോകബാങ്കിൽ നിന്ന് പണം ലഭ്യമാക്കുന്ന വിഷയത്തിൽ സർക്കാരിന്റെ നയമെന്താണ് ;

(ബി) മുല്ലപ്പെരിയാർ ഡാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ അണക്കെട്ടുകളുടെ നവീകരണത്തിനായി ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയിലേയ്ക്ക് ജലസേചന വകുപ്പിനായി 111.7 കോടി രൂപയുടേയും സംസ്ഥാനവൈദ്യുതി ബോർഡിനുവേണ്ടി 99.47 കോടി രൂപയുടേയും ഉൾപ്പെടെ ആകെ 211.17 കോടി രൂപയുടെ സംക്ഷിപ്ത പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly